**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 74** **23-01-2025 - ൽ മറുപടിയ്ക്ക്**

**പ്രവാസി മലയാളികൾക്ക് വേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പ്രവാസി മലയാളികൾക്ക് വേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | പ്രവാസി മലയാളികൾക്ക് വേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നത്.<br><br>നോർക്ക റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് എന്നിവ മുഖേന നടപ്പാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം (1 )ആയി ചേർത്തിരിക്കുന്നു. |
| (ബി) | കേരളത്തിലേക്ക് തിരികെയെത്തുന്ന പ്രവാസികൾക്ക് ഉപജീവനമാർഗ്ഗങ്ങൾ തേടുന്നതിന് സബ്സിഡിയോടു കൂടിയ കൂടുതൽ വായ്പാസൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | കേരളത്തിലേക്ക് തിരികെയെത്തുന്ന പ്രവാസികൾക്ക് ഉപജീവനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായി സബ്സിഡിയോടു കൂടിയ 2 സ്വയം തൊഴിൽ പദ്ധതികൾ നോർക്ക വകുപ്പിന് കീഴിൽ നിലവിലുണ്ട്, ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം (2)ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

**നോർക്ക-റൂട്ട്സ് മുഖേന ലഭിക്കുന്ന സേവനങ്ങൾ**

## പ്രവാസത്തിനു മുൻപ്

1. സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ / വിസ സ്റ്റാമ്പിങ്ങ്
2. ഹോം അറ്റസ്റ്റേഷൻ
3. വിദേശ തൊഴിൽ റിക്രൂട്ട്മെന്റ്
4. മാർക്കറ്റ് റിസർച്ച്
5. നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജസ് (എൻ.ഐ.എഫ്.എൽ)
6. പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം (PDOP)
7. ഓപ്പറേഷൻ ശുഭയാത്ര

## പ്രവാസത്തിനൊപ്പം

8. ലോക കേരള സഭ
9. സ്റ്റുഡന്റ് ഐ.ഡി കാർഡ് പ്രവാസി ഐ.ഡി കാർഡ്
10. പ്രവാസിരക്ഷാ ഇൻഷ്വറൻസ്
11. എൻ.ആർ.കെ ഇൻഷ്വറൻസ്
12. നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളര്ഷിപ്പ്
13. പ്രവാസി നിയമസഹായ സെൽ
14. എമർജൻസി ആംബുലൻസ് സർവീസ്
15. എമർജൻസി റിപാട്രിയേഷൻ

## പ്രവാസത്തിനു ശേഷം

16. സാന്ത്വന
17. എൻ.ഡി.പി.ആർ.ഇ.എം
18. വനിതാ മിത്ര
19. പ്രവാസി ഭദ്രത
20. പ്രവാസി സംഘങ്ങൾക്ക് ധനസഹായം
21. നോർക്ക ബിസ്സിനസ്സ് ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി.എഫ്.സി)
22. നോർക്ക റൂട്ട്സ് ഗ്ലോബൽ കോണ്ടാക്ട് സെൻറർ

**നോർക്ക അസിസ്റ്റഡ് & മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് (NAME) പദ്ധതി**

**പ്രവാസികൾക്ക് നാട്ടിൽ ജോലി; 100 ദിന ശമ്പളവിഹിതം നോർക്ക നല്കും.**

തിരിച്ചെത്തുന്ന പ്രവാസി കേരളീയരിൽ മിക്കവർക്കും വിവിധ മേഖലകളിൽ ദീർഘമായ തൊഴിൽ നൈപുണ്യവും പരിചയവും ഉള്ളവരാണ്. ഇവർക്ക് കേരളത്തിലുള്ള സംരംഭങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പശ്ചാത്തലം ഒരുക്കുക എന്നതാണ് നോർക്ക അസിസ്റ്റഡ് & മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് (NAME) പദ്ധതിയുടെ ലക്ഷ്യം. കേരളത്തിൽ, പദ്ധതിയുടെ നിബന്ധനകളിൽ ഉൾപ്പെടുന്ന സഹകരണ/സ്വകാര്യ മേഖലകളിലെ വ്യവസായ/വ്യാപാര/സേവന സ്ഥാപനങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിന് സഹായിക്കുന്നതാണ് ഈ പദ്ധതി. ആവശ്യമായ വിദ്യാഭ്യാസ യോഗ്യതയും, പ്രവൃത്തി പരിചയവുമുള്ള ഉദ്യോഗാർഥികളെ കണ്ടെത്താൻ തൊഴിൽദാതാക്കളെ സഹായിക്കുന്ന പൊതുവേദിയായും നെയിം പ്രവർത്തിക്കും. ചുരുങ്ങിയത് രണ്ടുവർഷമെങ്കിലും വിദേശരാജ്യത്ത് ജോലിചെയ്ത് തിരിച്ചെത്തിയ 25 നും 60 നും മധ്യേ പ്രായമുള്ള കേരളീയരായ പ്രവാസികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും.

**നോർക്ക റൂട്ട്സ് വെബ്ബ്സൈറ്റ് നവീകരിച്ചു (**https://norkaroots.kerala.gov.in/)

നവീകരിച്ച നോർക്ക റൂട്ട്സ് വെബ്ബ്സൈറ്റായ https://norkaroots.kerala.gov.in/ നിലവില് വന്നു. നോർക്ക സേവനങ്ങൾ കൂടുതൽ ജനകീയവും പ്രവാസികൾക്ക് സുഗമവുമാക്കാൻ ലക്ഷ്യമിട്ടാണ് പുതിയ വെബ്ബ്സൈറ്റ് തയ്യാറാക്കിയത്. പ്രവാസികൾക്കു കൂടി പ്രയോജനപ്രദമാകുന്ന സർക്കാർ സേവനങ്ങളെല്ലാം ഒറ്റക്കുടക്കീഴിൽ കൊണ്ടുവരുന്നതും പരിഗണനയിലാണ്. നിലവിലെ സേവനങ്ങൾ www.norkaroots.org വഴിയാണ് തുടർന്നും ലഭ്യമാകുക. ഡാറ്റാ മൈഗ്രേഷൻ പൂർത്തിയാകുന്നതോടെയാകും നവീകരിച്ച വെബ്ബ്സൈറ്റ് https://norkaroots.kerala.gov.in/ പൂർണ്ണസജ്ജമാകുന്നത്. ഇത് ഫെബ്രുവരിയോടെ പൂർത്തിയാക്കാനാകും. സംസ്ഥാന സർക്കാർ സ്ഥാപനമായ സി.ഡിറ്റിന്റെ സാങ്കേതിക പിന്തുണയോടെയാണ് വെബ്ബ്സൈറ്റ് നവീകരണം പൂർത്തിയാക്കിയത്.

**നോർക്ക ബിസിനസ്സ് ക്ലിനിക്ക്**

നോർക്ക റൂട്ട്സിന്റെ കീഴിൽ പ്രവർത്തിക്കുന്ന നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ (NBFC) സെന്റർ മുഖേന 2024 സെപ്റ്റംബർ മാസം മുതൽ ബിസിനസ്സ് ക്ലിനിക്ക് ആരംഭിച്ചു. ലോകത്തിന്റെ ഏത് ഭാഗത്തുമുള്ള പ്രവാസികൾക്കും, മടങ്ങിയെത്തിയ പ്രവാസികൾക്കും NBFC സേവനം ലഭ്യമാക്കുന്നതിലേയ്ക്കുമായി എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 11 മുതൽ വൈകുന്നേരം 4 മണി വരെ ബിസിനസ്സ് ക്ലിനിക്ക് നേരിട്ടും ,ഓൺ ലൈനായും പ്രവർത്തിക്കുന്നു. പ്രവാസികൾക്കും, മടങ്ങിയെത്തിയ പ്രവാസികൾക്കും കേരളത്തിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, വിപുലീകരിക്കുന്നതിനും വേണ്ടിയുള്ള കൺസൾട്ടേഷൻ സംവിധാനമാണ് ബിസിനസ്സ് ക്ലിനിക്ക്. ബിസിനസ്സ് ആശയങ്ങളുടെ വിലയിരുത്തൽ, മാർക്കറ്റ് സർവേ, നിയമപരമായ വിഷയങ്ങൾ, രജിസ്ട്രേഷൻ സഹായങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധരുടെ സൗജന്യ കൺസൾട്ടേഷൻ ലഭിക്കുന്നതാണ്.ഓരോ സംരംഭകനും അയാളുടെ ബിസിനസ്സിനാവശ്യമായ വിവരങ്ങൾ നൽകുന്നതോടൊപ്പം ബന്ധപ്പെട്ട വകുപ്പുകളുടെ മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച

